വർഗ്ഗീയ സംഘട്ടനങ്ങൾ

61 [62] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ എത്ര വർഗ്ഗീയസംഘട്ടനങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ സംസ്ഥാനത്ത് എത്ര വർഗ്ഗീയ ലഹളകൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ 79 വർഗ്ഗീയസംഘട്ടനങ്ങൾ നടന്നിട്ടുണ്ട്.

(ബി) രണ്ട്.

മാറാട് സംഭവത്തെ തുടർന്ന് ആരംഭിച്ച പദ്ധതികൾ

62 [63] ശ്രീ. വി. കെ. സി. മമ്മത് കോയ താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് സംഭവത്തെ തുടർന്ന് ആ പ്രദേശത്ത് നടപ്പിലാക്കുന്നതിന് ഏതാനും പദ്ധതികളുടെ ഒരു പാക്കേജിന് സർക്കാർ രൂപം നല്കിയിട്ടുണ്ടോ;

(ബി) പാക്കേജ് തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) ഏതെല്ലാം സ്ഥാപനങ്ങളുടെയും സംഘടനകളുടേയും പ്രതിനിധികളുമായി ചർച്ച ചെയ്തശേഷമാണ് പദ്ധതിക്ക് രൂപം നൽകിയത്;

(ഡി) പദ്ധതിക്ക് രൂപം നൽകുന്നതിന് ഏതെല്ലാം തീയതികളിൽ എത്ര യോഗങ്ങൾ നടത്തുകയുണ്ടായി; ഓരോ യോഗത്തിലും ഉദ്യോഗസ്ഥന്മാർക്ക് പുറമേ ആരെയെല്ലാം പങ്കെടുപ്പിച്ചു;

(ഇ) യോഗത്തിൽ പങ്കെടുത്ത ജനപ്രതിനിധികളുടേയും രാഷ്ട്രീയ പാർട്ടികളുടേയും പേരുകൾ വെളിപ്പെടുത്താമോ;

(എഫ്) മാറാട് പാക്കേജിലെ പദ്ധതികൾ എന്തെല്ലാമാണെന്നും ഓരോ പദ്ധതിക്കും സർക്കാർ നീക്കിവച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇതിനകം ആരംഭിച്ച പദ്ധതിക്ക് ചെലവ് ചെയ്ത തുകയും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) 21-10-2003-ൽ ജില്ലാ കളക്ടർ കോഴിക്കോട്, സിറ്റി പോലീസ് കമ്മീഷണർ കോഴിക്കോട്, കോഴിക്കോട് ജില്ലയിലെ വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത്, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ. എസ്. ഇ. ബി., സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ, സൂപ്രണ്ടിംഗ് എൻജിനീയർ, റോഡ്സ് കോഴിക്കോട്, ഡി. എം. ഒ., കോഴിക്കോട്, ജോയിന്റ് ഡയറക്ടർ, ഫിഷറീസ്, ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ്, റീജിയണൽ എക്സിക്യൂട്ടീവ്, കുടുംബശ്രീ, ഡിസ്ട്രിക്ട് സപ്ലൈ ഓഫീസർ, ആർ. ഡി. ഒ., കോഴിക്കോട്, എ. ഡി. എം., കോഴിക്കോട് എന്നിവരും മേൽപ്പറഞ്ഞ വകുപ്പുകളിലെ മറ്റ് ഉദ്യോഗസ്ഥരുമായി സ്ഥലം സന്ദർശിച്ച് കൂട്ടായ ചർച്ചക്കുശേഷമാണ് പദ്ധതികൾക്ക് രൂപം നൽകിയത്. (മാറാട് വികസന പാക്കേജിന്റെ സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു)†

(ഡി) 17-10-2003-ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ യോഗം തിരുവനന്തപുരത്തുവച്ചും 21-10-2003-ന് ഉപചോദ്യം (സി)-യിൽ പ്രസ്താവിച്ചിരിക്കുന്ന യോഗം മാറാടുവച്ചും നടത്തിയതിനുശേഷമാണ് മാറാട് വികസന പാക്കേജിന് രൂപം നൽകിയത്. ഉദ്യോഗസ്ഥന്മാർക്ക് പുറമെ മറ്റാരേയും ആലോചനാ യോഗത്തിന് വിളിച്ചിട്ടുണ്ടായിരുന്നില്ല. ഇതുകൂടാതെ 28-11-2003-ന് മാറാട് വച്ച് പദ്ധതികളുടെ നടത്തിപ്പിന്റെ ഒരു അവലോകനയോഗവും ചേർന്നിരുന്നു. 12-1-2004-ൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ യോഗവും പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്താനായി തിരുവനന്തപുരത്ത് ചേർന്നിരുന്നു.

(ഇ) യോഗത്തിൽ ജനപ്രതിനിധികളോ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളോ പങ്കെടുത്തിരുന്നില്ല.

(എഫ്) പദ്ധതികളുടെ വിശദാംശങ്ങൾ അടങ്ങിയ സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ജി) പദ്ധതികളുടെ ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്. പദ്ധതികൾ പൂർത്തിയാക്കിയതിനുശേഷമേ കൃത്യമായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാനാവൂ.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly